| പതിമൂന്നാം കേരള നിയമസഭ | | | |
|---|---|---|---|
| പതിനഞ്ചാം സമ്മേളനം | | | |
| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 1171 | | 03.12.2015-ൽ മറുപടിക്ക് | |
| **മാവേലിക്കര മണ്ഡലത്തിൽ ഹയർ സെക്കന്ററി സ്കൂളിനും വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളിനും പുതിയ കെട്ടിടം** | | | |
| ചോദ്യം | | ഉത്തരം | |
| ശ്രീ.ആർ.രാജേഷ് | | ശ്രീ. പി.കെ. അബ്ദു റബ്ബ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി) | |
| (എ) | മാവേലിക്കര മണ്ഡലത്തിൽ തഴക്കര കുന്നം ഹയർ സെക്കന്ററി സ്കൂളിനും ഇറവങ്കര വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളിനും പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള എസ്റ്റിമേറ്റ് പൊതുമരാമത്ത് കെട്ടിട വിഭാഗം തയ്യാറാക്കി നൽകിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | മാവേലിക്കര നിയോജക മണ്ഡലത്തിലെ തഴക്കര കുന്നം ഹയർ സെക്കന്ററി സ്കൂൾ കെട്ടിട നിർമ്മാണത്തിനുള്ള അപേക്ഷയോ എസ്റ്റിമേറ്റോ സർക്കാരിൽ ലഭിച്ചിട്ടില്ല. ഇറവങ്കര ഗവൺമെന്റ് വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളിൽ പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള എസ്റ്റിമേറ്റ് ലഭിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത സ്കൂൾ കെട്ടിടങ്ങളുടെ നിർമ്മാണത്തിനാവശ്യമായ തുക അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ? | (ബി) | ഗവൺമെന്റ് വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളുകളുടെ കെട്ടിട നിർമ്മാണത്തിനായി ഈ സാമ്പത്തിക വർഷം 400 ലക്ഷം രൂപ ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്. പ്രസ്തുത തുക ഉപയോഗിച്ചുകൊണ്ടുള്ള സ്കൂൾ കെട്ടിടങ്ങളുടെ നിർമ്മാണത്തിനായുള്ള പരിഗണനാ പട്ടികയിൽ ഇറവങ്കര ഗവൺമെന്റ് വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളിനെയും ഉൾപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ